പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

52 (3683) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി പി.എസ്.സി.യുടെ എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) പല വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു :

18-5-2011 മുതൽ 31-12-2011 വരെ - 38139

2012 - 26657

2013 - 24679

2014 ഒക്ടോബർ വരെ - 21206

(ബി) സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമായി ആകെ 2164 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ഉദ്യോഗാർത്ഥികളുടെ ആകെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ ചില വകുപ്പ് മേധാവികളും നിയമനാധികാരികളും കാലതാമസം വരുത്തുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly